# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
# തിരുവനന്തപുരം

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - സീനിയറായിട്ടുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരന് ലേ സെക്രട്ടറി & ട്രഷറർ /സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1. ഗസറ്റ് നോട്ടിഫിക്കേഷൻ നം. ES2-26040/2024/ആ.വ.ഡ., തീയതി : 04/04/2025.

2. കുറിപ്പ് നമ്പർ. ആ.വ.ഡ./26040/2024-ഇഎസ്2, തീയതി: 08/04/2025.

3. ഉത്തരവ് നം. ഇഎസ്2-23995/2024/ആ.വ.ഡ., തീയതി : 06/12/2024.

4. ഉത്തരവ് നം. ആ.വ.ഡ./ 3714/2025 - ഇഡി3, തീയതി : 05/11/2025

5. സ. ഉ. (സാധാ) നം. 3637/2025/ആ.കു.വ., തീയതി : 20/11/2025

**ഉത്തരവ് നം : ആ.വ.ഡ./3714/2025-ഇഡി3, തീയതി: 28-11-2025**

താഴെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നതും പരാമർശം (1) പ്രകാരമുള്ള 2025 - ലെ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നതുമായ സീനിയറായ ജൂനിയർ സൂപ്രണ്ടിനെ, 51,400 – 1,10,300 രൂപ ശമ്പള സ്കെയിലിൽ സ്ഥിര അടിസ്ഥാനത്തിൽ KS&SSR -ന്റെ ഭാഗം II -ൽ 28(b)(i) പ്രകാരം ലേ സെക്രട്ടറി & ട്രഷറർ / സീനിയർ സൂപ്രണ്ട് (ഗസറ്റഡ് വിഭാഗം) ആയി ഉദ്യോഗക്കയറ്റം നൽകി ടിയാളുടെ പേരിന് നേരെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

| | **പരാമർശം** | **പരാമർശം (3)** | **പേര്, പെൻ,** | | |
|---|---|---|---|---|---|

| ക്രമ നം. | (1) സെലക്റ്റ് ലിസ്റ്റ് പ്രകാരമുള്ള ക്രമ നം. | സീനിയോരിറ്റി ലിസ്റ്റ് പ്രകാരമുള്ള റാങ്ക് നം. | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | ജനന തീയതി | നിയമിച്ചിരിക്കുന്ന തസ്തികയും, സ്ഥാപനവും |
|---|---|---|---|---|---|
| 1 | 31 | 43 | ശ്രീ. കെ സുരേഷ് ബാബു, 362321<br>ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) വയനാട് | 07/06/1971 | ലേ സെക്രട്ടറി & ട്രഷറർ<br>സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, പാലക്കാട്<br>(ശ്രീ. കെ പ്രദീപ്കുമാർ-ന് സ്ഥാനക്കയറ്റം ലഭിച്ചതു് മുഖേന ഉണ്ടായ ഒഴിവ്) |

സ്ഥാനക്കയറ്റം നൽകിയ മേൽ ജീവനക്കാരനെ പകരം ഉദ്യോഗസ്ഥൻ ജോലിയ്ക്ക് ഹാജരാകുന്നത് കണക്കാക്കാതെ സ്ഥാപന മേധാവി അടിയന്തരമായി വിടുതൽ ചെയ്യേണ്ടതാണ്. ലേ സെക്രട്ടറി & ട്രഷറർ / സീനിയർ സൂപ്രണ്ട് തസ്തികയിലെ സീനിയർ ആയിട്ടുള്ള ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റ അപേക്ഷകൾ മേൽ ഒഴിവിലേക്ക് നിലവിൽ പരിഗണിച്ചിട്ടില്ല. പ്രസ്തുത സ്ഥലംമാറ്റ അപേക്ഷകൾ പരിഗണിക്കുന്ന സമയം ഈ ഉത്തരവ് പുനഃ പരിശോധിക്കുന്നതാണ്.

ശ്രീ. കെ സുരേഷ് ബാബു, സ്ഥാനക്കയറ്റ തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ ഒരു വർഷ കാലയളവിനുള്ളിൽ ആറ് മാസത്തെ പ്രൊബേഷൻ കാലയളവ് തൃപ്തികരമായി പൂർത്തീകരിക്കേണ്ടതാണ്. കൂടാതെ ജോലിയിൽ പ്രവേശിച്ച ആർ.റ്റി.സി. യഥാസമയം സമർപ്പിക്കേണ്ടതാണ്.

ബന്ധപ്പെട്ട ഉദ്യോഗസ്ഥന് **2025** തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള **Election Duty** ലഭിക്കുകയാണെങ്കിൽ ഈ **promotion** മുഖാന്തിരം വിടുതൽ ചെയ്യപ്പെട്ടു എന്ന വസ്തുത കണക്കിലെടുക്കാതെ **Election Duty** കൃത്യമായി നിർവഹിക്കേണ്ടതാണ്.

ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് വിടുതൽ ചെയ്യുന്നതിനും, ജോലിയിൽ പ്രവേശിക്കുന്നതിനുമുള്ള ഔദ്യോഗിക രേഖയായും ഉപയോഗിക്കാവുന്നതാണ്.

Signed by
Reena K J
Date: 28-11-2025 15:22:37

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:

ശ്രീ. കെ സുരേഷ് ബാബു, ജൂനിയർ സൂപ്രണ്ട്, ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) വയനാട്

പകർപ്പ് :

**1.**അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

**2.** ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്

**3.** ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക്

**4.** ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക്.

**5.** ഫയൽ /കരുതൽ ഫയൽ